**സർഗ്ഗോ*f* സ്യാഥ വിസർഗ്ഗസ്ച വൃത്തി രക്ഷാന്തരാണിച**
**വംശോ വംശാനുചരിതം സംസ്ഥാ ഹേതുരപാശ്രയ: (12-7-9)**
**ദശഭിർലക്ഷണൈര്യുക്തം പുരാണം തദ്വിദോ വിദു:**
**കേചിത് പഞ്ചവിധം ബ്രഹ്മൻ മഹദല്പവ്യവസ്ഥയാ (12-7-10)**
**ബ്രാഹ്മം പാദ്മം വൈഷ്ണവം ച ശൈവം ലൈംഗം സഗാരുഡം**
**നാരദീയം ഭാഗവതമാഗ്നേയം സ്കാന്ദസംജ്ഞിതം (12-7-23)**
**ഭവിഷ്യം ബ്രഹ്മവൈവർത്തം മാർക്കണ്ഡേയം സവാമനം**
**വാരാഹം മാത്സ്യം കൌർമ്മം ച ബ്രഹ്മാണ്ഡാഖ്യ മിതി ത്രിഷട് (12-7-24)**

*സൂതൻ തുടർന്നു:*

ത്രയാരുണി, കശ്യപൻ, സാവരണി, അകൃതവർണ്ണൻ, വൈശമ്പായൻ, ഹാരീതൻ എന്നിവരാണ് പുരാണങ്ങൾ വിശദീകരിച്ചത്. അവരെല്ലാം എൻെറ അഛനിൽനിന്നുമാണ് പഠിച്ചത്. ഞാൻ അവരിൽനിന്നും. പുരാണങ്ങൾക്ക് പത്തു സ്വഭാവങ്ങളാണുള്ളത്. സൃഷ്ടി, ആവിഷ്ക്കരണം, സംരക്ഷണം, പരിപാലനം, ലോകചക്രം, രാജകുലങ്ങൾ, അവയെക്കുറിച്ചുള്ള കഥകൾ, പ്രളയം, കാരണം, അടിസ്ഥാനം, എന്നിവ. ചില മഹർഷിമാർ അഞ്ചു സ്വഭാവങ്ങളാണ് പുരാണങ്ങൾ ക്കുള്ളതെന്ന പക്ഷക്കാരാണ്.

**സർഗ്ഗം (സൃഷ്ടി)-** സൂക്ഷ്മപദാർത്ഥങ്ങളുടെ ആവിർഭാവം, ത്രിഗുണങ്ങളുടെ സംതുലിതാവസ്ഥക്ക് ഭംഗം വരുന്നതിനാലാണ് സൂക്ഷ്മഭൂതങ്ങൾ ഉളവാകുന്നത്.

**വിസർഗ്ഗം-** സൃഷ്ടിയുടെ അടുത്തപടി. ചരാചരങ്ങളും, വൈവിദ്ധ്യങ്ങളായ അവയുടെ സവിശേഷതകളും അവയുടെ പരമപുരുഷൻ അവയിലെല്ലാം അധിവസിക്കുന്നതും അതിനാൽത്തന്നെ എല്ലാ ജീവജാലങ്ങളും സ്വയം പുന:സൃഷ്ടി നടത്തുന്നതും ഇതിൽപ്പെടുന്നു.

**വൃത്തി-** എല്ലാ ജീവജാലങ്ങൾക്കും നിലനിൽക്കാനാവശ്യമായ ഉപാധികളെക്കുറിച്ചു വിവരണങ്ങളും അവ എങ്ങിനെയാണ് ജീവിക്കേണ്ടതെന്നും ഇതിലടങ്ങുന്നു.

**രക്ഷ -** സൃഷ്ടിക്കപ്പെട്ട വിശ്വത്തിൻെറ ഗതി ശരിയായ ലക്ഷ്യത്തിലേക്കു നയിക്കുന്നതിനായി, സംതുലിതാ വസ്ഥയെ പരിപാലിക്കാനായി, ഭഗവാൻ കാലാകാലങ്ങളിൽ തൻെറ സൃഷ്ടികളിലേക്കിറങ്ങി വന്നവതരിച്ച് ദിവ്യരക്ഷ നൽകുന്നതിനെപ്പറ്റിയുള്ള വിവരണം.

**അന്തരം-** മന്വന്തരങ്ങൾ- ലോകചക്രങ്ങൾ- ദേവതകളുടെയും മഹർഷിമാരുടെയും സഹായത്തോടെ മനുവിൻെറ അധീനതയിലുള്ള കാലയളവിനെപ്പറ്റിയുള്ള വിവരണം.

**വംശം-** രാജവംശങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ.

**വംശാനുചരിതം-** കുലങ്ങളിലെ രാജാക്കൻമാരുടെ കഥകൾ. ആത്മീയസത്യങ്ങൾ വ്യക്തമാക്കാനുതകുന്ന കഥകൾ. ഇഹലോകത്തിലെ എല്ലാവിധ പരിശ്രമങ്ങളും വൃഥാവിലാണെന്നും, ആത്മജ്ഞാനസമ്പാദനാർത്ഥ മായുള്ളതു മാത്രമേ ശാശ്വതമായുള്ളുവെന്നും വ്യക്തമാക്കുന്ന ജീവിതോദാഹരണങ്ങൾ.

**സംസ്ഥം-** നാലുതരത്തിലുള്ള പ്രളയങ്ങൾ.

**ഹേതു-** സൃഷ്ടിയുടെ കാരണം.

**അപാശ്രയം-** സൃഷ്ടിയുടെ അടിസ്ഥാനം. പരമസത്വം.

ഇങ്ങിനെയുള്ള പുരാണങ്ങൾ പതിനെട്ടാണുള്ളത്. ബ്രഹ്മപുരാണം, വിഷ്ണുപുരാണം, ശിവപുരാണം, ലിംഗപുരാണം, ഗരുഡപുരാണം, നാരദപുരാണം, ഭാഗവതപുരാണം, അഗ്നിപുരാണം, സ്കന്ദപുരാണം, ഭവിഷ്യപുരാണം, ബ്രഹ്മവൈവർത്തപുരാണം, മാർക്കണ്ഡേയപുരാണം, വാമനപുരാണം, വരാഹ പുരാണം, മത്സ്യപുരാണം, കൂർമ്മപുരാണം, ബ്രഹ്മാണ്ഡപുരാണം.